## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2365** **23.3.2012-ൽ മറുപടിക്ക്**

### കോഴിക്കോട് ജില്ലയിലെ സുസ്ഥിര നഗരവികസന പദ്ധതി

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.കെ.ദാസൻ : | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സുസ്ഥിര നഗരവികസന പദ്ധതിയിൽ നഗരസഭകൾക്കായി ആവിഷ്കരിച്ചിട്ടുള്ള പുതിയ പദ്ധതികൾ ഏതെല്ലാമെന്ന് വിശദീകരിക്കാമോ ; | എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സുസ്ഥിര നഗരവികസന പദ്ധതിയിൽ നഗരസഭകൾക്കായി പുതിയ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. എഡിബി സഹായത്തോടെയുള്ള സുസ്ഥിര നഗരവികസന പദ്ധതിയിൻ കീഴിൽ മുനിസിപ്പൽ, കോർപ്പറേഷനുകളിൽ പദ്ധതി രൂപീകരണ സമയത്ത് നിശ്ചയിക്കപ്പെട്ട പദ്ധതികളാണ് നടപ്പിലാക്കുന്നത്. |
| ബി) എങ്കിൽ ഓരോ പദ്ധതിക്കും ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയെന്നും എത്ര തുക വകയിരുത്തിയെന്നും, എത്ര തുക ചെലവഴിച്ചുവെന്നും ജില്ല തിരിച്ച് കണക്ക് നൽകുമോ ; | ബി) ഉദിക്കുന്നില്ല. |
| സി) കോഴിക്കോട് ജില്ലയിലെ നഗരസഭകളിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാം; ഓരോന്നിന്റെയും വിശദാംശം ലഭ്യമാക്കുമോ ? | സി) കോഴിക്കോട് ജില്ലയിൽ കോഴിക്കോട് കോർപ്പറേഷനിൽ മാത്രമേ സുസ്ഥിര നഗരവികസന പദ്ധതിയിൻ കീഴിൽ പദ്ധതികൾ നടപ്പിലാക്കുന്നുള്ളു. സിവറേജ് & സാനിറ്റേഷൻ, ഖരമാലിന്യ പദ്ധതികൾ, ഉപരിതല ജലനിർഗ്ഗമന പദ്ധതികൾ, ചേരിവികസനം, റോഡ് വികസനം, എന്നിവയാണ് കോഴിക്കോട് കോർപ്പറേഷനിൽ നടന്നു വരുന്നത്. ഇതിൽ അരയിടത്തു പാലം ഫ്ളൈഓവറിന്റെ പണി പൂർത്തിയായി ഗതാഗതത്തിന് തുറന്ന് കൊടുത്തിട്ടുണ്ട്. ഖരമാലിന്യ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി ആവശ്യമുള്ള വാഹനങ്ങൾ/മറ്റ് ഉപകരണങ്ങൾ എന്നിവ കോർപ്പറേഷന് കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ